# മതബോധനകേന്ദ്രം

ക്ലാസ് : VIII

## മാനന്തവാടി രൂപത
## First Semester Examination 2023

| | |
|---|---|
| ആകെ മാർക്ക് | 80 |
| പാർട്ട് 1 | 60 |
| പാർട്ട് 2 | 20 |
| സമയം: 2 മണിക്കൂർ | |

### പാർട്ട് 1

**ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.** **5×1=5**

1. അബ്രാഹത്തിന് വാഗ്ദാന പ്രകാരം ലഭിച്ച മകൻ?
(ലോത്ത്, ഇസഹാക്ക്, ഇസ്രായേൽ)
2. “ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമാണ്.” കർത്താവ് ആരോടാണിത് പറഞ്ഞത്?
(അബ്രാഹം, നോഹ, മോശ)
3. “നീതിമാനായി ആരുമില്ല. ഒരുവൻ പോലുമില്ല.” ആരുടെ വാക്കുകളാണിത്?
(വി. പൗലോസ്, വി. പത്രോസ്, വി. യോഹന്നാൻ)
4. പുരോഹിത അഭിഷേകത്തെപ്പറ്റി പ്രതിപാദിച്ചിരിക്കുന്ന ഗ്രന്ഥമേത്?
(ആമോസ്, ലേവ്യർ, പുറപ്പാട്)
5. “അവസാനനാളുകളിൽ എല്ലാ മനുഷ്യരുടെയുംമേൽ എന്റെ ആത്മാവിനെ വർഷിക്കും.” ആരുടെ പ്രവചനം?
(ജെറമിയ, ഏലിയ, ജോയേൽ)

**പൂരിപ്പിക്കുക.** **5×1=5**

6. പരിശുദ്ധാത്മാവിനാൽ മിശിഹായിൽ പണിതുയർന്നപ്പെട്ട ദൈവത്തിന്റെ ആലയമാണ് .....................
7. സാവൂളിന്റെ ഗുരുവായിരുന്നു................................
8. ...................................... ഗോത്രത്തിലാണ് യേശു ജനിച്ചത്.
9. സഭയുടെ പരമോന്നതമായ ആരാധനയാണ്............................................
10. നമ്മുടെ യോഗ്യതല്ല ....................... ആണ് രക്ഷയ്ക്ക് അടിസ്ഥാനം.

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **5×1=5**

11. ശിമയോന് ഈശോ നൽകിയ പേരെന്ത്?
12. സഭാ കൂട്ടായ്മയിലേക്ക് പ്രവേശിക്കുന്ന കൂദാശയേത്?
13. ദൈവാത്മാവിനാൽ അഭിഷിക്തരും നയിക്കപ്പെടുന്നവരും ആരാണ്?
14. ‘എക്ലേസിയ’ എന്ന വാക്കിന്റെ അർത്ഥമെന്ത്?
15. ദൈവം മോശയ്ക്ക് നൽകിയ സഹായി?

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** **7×2=14**

16. അബ്രഹാം ദൈവത്തിന് പ്രത്യുത്തരം നൽകിയതെങ്ങനെ?
17. ദൈവം എന്തിനാണ് കാലാകാലങ്ങളിൽ പ്രവാചകന്മാരെ നൽകിയത്?
18. ഈശോയുടെ പരസ്യജീവിതം ആരംഭിച്ചത് ഏത് ആഹ്വാനത്തോടെയായിരുന്നു?
19. നാം ദൈവത്തിന്റെ ആലയമാണ്. എന്തുകൊണ്ട്?
20. ഇസ്രായേൽ ഒരു പ്രത്യേക ജനതയായി വിളിച്ചുകൂട്ടപ്പെട്ടതിന്റെ ലക്ഷ്യം?
21. രക്ഷയുടെ അനുഭവം എന്താണ്?
22. “സഹോദരന്മാരേ, ഞങ്ങൾ എന്താണ് ചെയ്യേണ്ടതെന്ന” ജനത്തിന്റെ ഈ ചോദ്യത്തിന് പത്രോസ് നൽകിയ മറുപടി എന്ത്?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** **4×4=16**

23. ഈശോയുടെ നിരന്തര സാന്നിധ്യം സഭയിൽ തുടരുന്നത് എങ്ങനെ?

24. മിശിഹായുടെ ജീവിതത്തിലും പ്രബോധനത്തിലുള്ള പങ്കുവയ്ക്കലിന്റെ സന്ദേശമെന്ത്?

25. സഭ മിശിഹായുടെ ശരീരമായി തീരുന്നത് എങ്ങനെ?

26. പരിശുദ്ധാത്മാവിനെ സ്വീകരിച്ച നമ്മിൽ ഉണ്ടായിരിക്കേണ്ട ഫലങ്ങൾ ഏവ? അവയുടെ ഉദ്ദേശ്യമെന്ത്?

**നോട്ടുകുറിക്കുക.** **1×5=5**

27. ക്രൈസ്തവരായ നാം ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാണ്.

**2 പേജിൽ കവിയാതെ ഉപന്യാസം എഴുതുക.** **1×10=10**

28. മിശിഹായുടെ ശരീരമായിരിക്കുന്ന സഭയുടെ അടിസ്ഥാന സ്വഭാവമാണ് പങ്കുവെയ്ക്കൽ. വിശദമാക്കുക.

*(സൂചനകൾ:- ആദിമസഭയുടെ പ്രബോധനം, ഉത്ഥാനവും പ്രത്യാശയും, വി. ബലി, ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പ്രസക്തി)*

*അല്ലെങ്കിൽ*

വിശ്വാസികളുടെ പൗരോഹിത്യം ക്രിസ്തുവിന്റെ ഏക പൗരോഹിത്യത്തിലുള്ള പങ്കുചേരലാണ്.
വിശദീകരിക്കുക.

*(സൂചനകൾ:- മിശിഹായുടെ പൗരോഹിത്യം, നമ്മൾ പുരോഹിതജനം, വി. കുർബാന ശ്രേഷ്ഠമായ ആരാധന, ശുശ്രൂഷാപൗരോഹിത്യം)*

---

## പാർട്ട് 2

---

**ഒറ്റ വാക്കിൽ ഉത്തരമെഴുതുക.** **3×1=3**

29. കർത്താവിന്റെ കുരിശ് കണ്ടെത്തിയ രാജ്ഞി?

30. പാശ്ചാത്യ ആശ്രമജീവിതത്തിന്റെ പിതാവ്?

31. സഭാചരിത്രത്തിന്റെ പിതാവ്?

32. വി. ചാവറയച്ചന്റെ കുടുംബചട്ടങ്ങളിൽ ഊന്നൽ നൽകിയിരിക്കുന്ന 4 മേഖലകൾ വ്യക്തമാക്കുക. **4**

33. 'ആഴ്സിലെ വിശുദ്ധൻ'. ലഘുകുറിപ്പ് എഴുതുക. **3**

34. വി മർക്കോസിന്റെ സുവിശേഷത്തിൽനിന്ന് നിങ്ങൾ മനഃപാഠമാക്കിയ 2 വചനങ്ങൾ അധ്യായവും വാക്യവും ചേർത്ത് എഴുതുക. **3**

35. സത്യസഭയുടെ പ്രധാന ലക്ഷണങ്ങൾ എഴുതുക. **4**

36. സുവിശേഷത്തിലെ വിശിഷ്ടോപദേശങ്ങൾ എഴുതുക. **3**